⇨ കൂടുതൽ ചോദ്യം ചെയ്യലുകൾക്കായി അറസ്റ്റുചെയ്തതെന്നായിരുന്നു പോലീസ് ഭാഷ്യം ⇨

# നിയമങ്ങൾ നീതിയുടെ മാർഗ്ഗം മറക്കുമ്പോൾ

നിരോധിക്കപ്പെട്ട സംഘടനയുടെ പ്രസിദ്ധീകരണങ്ങൾ കൈവശം വയ്ക്കുന്നതോ വായിക്കുന്നതോ കുറ്റകരമല്ലെന്ന് രാജ്യദ്രോഹകുറ്റം ചുമത്തി ജയിലിൽ അടയ്ക്കപ്പെട്ട ഡോ. ബിനായക് സെന്നിന് ജാമ്യം നൽകിക്കൊണ്ട് സുപ്രീം കോടതി നടത്തിയ നിരീക്ഷണം നിലനിൽക്കുമ്പോഴും സമാനമായ അന്യായങ്ങൾ തുടരുന്നത് മൗലികാവകാശങ്ങളുടെ ലംഘനമാണ്.

**കേരളീയം ഡസ്ക്**

**കേരളത്തിലെ** വനാതിർത്തി ഗ്രാമങ്ങളിലും നഗരങ്ങളിലുമായി പലവിധത്തിൽ തങ്ങളുടെ സാന്നിധ്യം വ്യക്തമാക്കിയിരിക്കുന്ന സി.പി.ഐ (മാവോയിസ്റ്റ്) സംഘടനയുടെ പ്രവർത്തകർക്കെതിരായ നിയമനടപടികളുടെ പേരിൽ ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന മനുഷ്യാവകാശങ്ങളെ പോലും ലംഘിക്കുന്ന തരത്തിലുള്ള പോലീസ് നടപടികൾ കേരളത്തിൽ അവർത്തിക്കപ്പെടുകയാണ്. കേരളീയം മാസികയുടെ ഓഫീസിൽ 2014 ഡിസംബർ 22 അർദ്ധരാത്രിയിൽ നടന്ന റെയ്ഡിനെതിരെയും മാവോയിസത്തെ നേരിടാനെന്ന പേരിൽ സമീപകാലത്ത് നടന്ന സമാനമായ നിരവധി പോലീസ് നിയമലംഘനങ്ങൾക്കെതിരെയും പ്രതിഷേധങ്ങൾ വ്യാപകമായ സമയത്താണ് രാഷ്ട്രീയ-മനുഷ്യാവകാശ പ്രവർത്തകരായ അഡ്വ. തുഷാർ നിർമ്മൽ സാരഥിയും ജെയ്സൺ.സി. കൂപ്പറും അറസ്റ്റുചെയ്യപ്പെടുന്നതും യു.എ.പി.എ എന്ന കിരാത നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്യപ്പെട്ട് ജയിലിൽ അടക്കപ്പെടുന്നതും. കുറച്ചുനാളുകളായി മാവോയിസ്റ്റ് സംഘടന നടത്തിവരുന്ന അക്രമസമരങ്ങളുടെ പശ്ചാത്തലത്തിലാണ് ഈ സംഘടനയുമായി ബന്ധമുണ്ടെന്ന സംശയത്താൽ ഇവരെ കൂടുതൽ ചോദ്യം ചെയ്യലുകൾക്കായി അറസ്റ്റുചെയ്തതെന്നായിരുന്നു പോലീസ് ഭാഷ്യം. എന്നാൽ ജനകീയ മനുഷ്യാവകാശ പ്രസ്ഥാനം എന്ന സംഘടനയുടെ ഭാഗമായി ഏറെക്കാലമായി വിവിധ സാമൂഹിക വിഷയങ്ങളിൽ ഇടപെട്ടുകൊണ്ടിരിക്കുന്ന അഡ്വ. തുഷാറിനും ജെയ്സൺ.സി. കൂപ്പറിനും മാവോയിസ്റ്റ് ബന്ധമുണ്ടെന്ന് സംശയിക്കുന്നതിന് കാരണമായി പോലീസ് കോടതിയിലുൾപ്പെടെ നൽകിയ വിശദീകരണങ്ങൾ അഭിപ്രായ സ്വാതന്ത്ര്യം അനുവദിക്കപ്പെടുന്ന ഒരു ജനാധിപത്യ ഭരണസംവിധാനത്തിന് ഒട്ടും ഭൂഷണമല്ലാത്തതും ബിനായക് സെൻ കേസിൽ സുപ്രീംകോടതി നടത്തിയ ചരിത്രപ്രാധാന്യമുള്ള നിരീക്ഷണത്തെ അതിലംഘിക്കുന്നതുമാണ്.

അതോടൊപ്പം ഈ വിഷയത്തിൽ എതിർക്കപ്പെടേണ്ട പ്രധാന വസ്തുത, അടിസ്ഥാന മനുഷ്യാവകാശ സംഹിതകളെയും ജനാധിപത്യമൂല്യങ്ങളെയും ഉൾക്കൊള്ളാത്ത നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമ (യു.എ.പി.എ) പ്രകാരം ഇവർക്കെതിരെ കേസെടുത്തു എന്നതാണ്. എല്ലാവിധ രാഷ്ട്രീയ വിയോജിപ്പുകളെയും വിമതശബ്ദങ്ങളെയും രാജ്യദ്രോഹ

*⇨ ബോധ്യമില്ലാത്ത മാധ്യമപ്രവർത്തകർ പോലീസ് ഭാഷ്യങ്ങൾ അതേപടി ആവർത്തിക്കുന്നതിൽ അത്ഭുതമില്ല ⇨*



ജയിൽ മോചിതരായ അഡ്വ. തുഷാറും ജെയ്സൺ.സി. കൂപ്പറും

ത്തിന്റെ കണ്ണിയിൽ ചേർക്കാൻ കഴിയും വിധം അയഞ്ഞ ഘടനയുള്ളതും ഇന്ത്യൻ നീതിന്യായ വ്യവസ്ഥ അനുശാസിക്കുന്ന അടിസ്ഥാന തത്വങ്ങളെ മറികടക്കുന്നതുമായ ഈ കരിനിയമത്തിനെതിരെ വിവിധ കോണുകളിൽ നിന്നും ശക്തമായ വിമർശനങ്ങൾ ഉയർന്നുവന്നുകൊണ്ടിരിക്കുന്ന സന്ദർഭത്തിലും, കൂടുതൽ അന്വേഷണങ്ങൾക്കെന്ന പേരിൽ കസ്റ്റഡിയിൽ എടുക്കപ്പെട്ട തുഷാറിനും ജെയ്സണും എതിരെ യു.എ.പി.എ ചാർത്തപ്പെട്ടു എന്നത് ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തേണ്ട കാര്യമാണ്. തുഷാറിന്റെയും ജെയ്സൺന്റെയും വീടുകൾ റെയ്ഡ് ചെയ്തപ്പോൾ കിട്ടിയ രേഖകളും ലഘുലേഖകളും പുസ്തകങ്ങളും കമ്പ്യൂട്ടറിലെ വിവരങ്ങളുമാണ് പ്രതികൾക്ക് മാവോയിസ്റ്റ് സംഘടനകളുമായി ബന്ധമുണ്ടെന്നതിന് തെളിവായി പോലീസ് മാധ്യമങ്ങളോട് പറഞ്ഞത്. ഇവരുടെ ജാമ്യഹർജി ഹൈക്കോടതി സിംഗിൾ ബഞ്ച് പരിഗണിക്കെ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ കോടതിയിൽ നൽകിയ വിശദീകരണത്തിലും മാവോയിസ്റ്റ് ബന്ധത്തിന് തെളിവായി ഇതേകാര്യം പറയുന്നുണ്ട്. നിരോധിക്കപ്പെട്ട പാർട്ടിയുടെ പ്രസിദ്ധീകരണങ്ങൾ കൈവശം വയ്ക്കുന്നതോ വായിക്കുന്നതോ കുറ്റകരമല്ലെന്ന് രാജ്യദ്രോഹകുറ്റം ചുമത്തി ജയിലിൽ അടയ്ക്കപ്പെട്ട ഡോ. ബിനായക് സെന്നിന് ജാമ്യം നൽകിക്കൊണ്ട് സുപ്രീം കോടതി നടത്തിയ നിരീക്ഷണം നിലനിൽക്കുമ്പോൾ തന്നെ സമാനസ്വഭാവത്തിലുള്ള കുറ്റം ആരോപിച്ച് അറസ്റ്റ് നടത്തുന്നത് നിയമവ്യവസ്ഥയോടുള്ള വെല്ലുവിളിതന്നെയാണ്. ഇക്കാര്യങ്ങളിൽ വ്യക്തമായ ബോധ്യമില്ലാത്ത മാധ്യമപ്രവർത്തകർ പോലീസ് ഭാഷ്യങ്ങൾ അതേപടി ആവർത്തിക്കുന്നതിൽ അത്ഭുതമില്ല. എന്നാൽ മാവോയിസ്റ്റ് അനുകൂല രേഖകളും പുസ്തകങ്ങളും കണ്ടെത്തി എന്നത് കുറ്റാരോപിതരുടെ മാവോവാദി ബന്ധത്തിന് തെളിവായി ഹൈക്കോടതിയിൽ ഉന്നയിക്കുന്ന ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനും പോലീസും, ഇവരുടെ വാദം പരിഗണിച്ച് പ്രതികൾക്ക് ജാമ്യം നിഷേധിക്കുന്ന കോടതിയും സുപ്രീംകോടതി ഇക്കാര്യത്തിൽ നടത്തിയ നിരീക്ഷണത്തെ പരിഗണിക്കുന്നില്ല എന്നത് ശുഭകരമായ കാര്യമല്ല. 'ഗാന്ധിയുടെ ആത്മകഥ കൈവശം വച്ചതുകൊണ്ട് ഒരാൾ ഗാന്ധിയനാകില്ല എന്നതുപോലെ നക്സലൈറ്റ് സാഹിത്യം കൈവശം വച്ചതുകൊണ്ട് ഒരാൾ നക്സലൈറ്റ് ആകില്ല' എന്ന സുപ്രീംകോടതിയുടെ ബിനായക് സെൻ കേസിലെ വിധിന്യായം പരിഗണിക്കപ്പെടാതെ പോകുന്ന സാഹചര്യം ഭരണഘടനാപരമായ മൗലികാവകാശമായി അഭിപ്രായ സ്വാതന്ത്ര്യം പരിഗണിക്കപ്പെടുന്ന ഒരു രാജ്യത്തിലെ പൗരന്മാരെ സംബന്ധിച്ച് തൃപ്തികരമായ വസ്തുതയല്ല. പരമോന്നത കോടതിയുടെ വിധികളും നിർദ്ദേശങ്ങളും റദ്ദുചെയ്യാൻ കീഴ്ക്കോടതികൾക്ക് അവകാശമില്ല. സുപ്രീംകോടതിയുടെ നിർദ്ദേശങ്ങൾക്ക് അനുസൃതമായ രീതിയിൽ വേണം സമാനമായ വിഷയത്തിൽ കീഴ്ക്കോടതി വിധി പറയേണ്ടത്. അതുകൊണ്ടുതന്നെ ഭരണഘടനാപരമായ അവകാശത്തിന്റെ സംരക്ഷണത്തിനായി എല്ലാ ജനാധിപത്യ വിശ്വാസികളും മുന്നോട്ടു വരേണ്ട ഒരു വിഷയമാണിത്.

മാവോയിസ്റ്റ് സംഘടന ഉത്തരവാദിത്തം ഏറ്റെടുത്ത പാലക്കാട് കെന്റകി-മക്ഡൊണാൾഡ്സ് ഭക്ഷണശാല അടിച്ചുതകർത്ത കേസിലെ പ്രതികൾക്ക് നിയമസഹായം നൽകി എന്നതും പോലീസ് അഡ്വ. തുഷാറിനെതിരായ കുറ്റമായി ആരോപിച്ചിരുന്നു. ഏതു കേസിലും ഏത് പ്രതിക്കും നിയമസഹായം നൽകാൻ അഭിഭാഷകർക്ക് സ്വാതന്ത്ര്യമുള്ള രാജ്യമാണിത്. മുംബൈ ഭീകരാക്രമണ കേസിൽ വരെ അജ്മൽ കസബിന് വേണ്ടി അഭിഭാഷകരായ അബ്ബാസ് കാസ്മിയും, കെ.പി. പവാറും വാദം നടത്തിയത് മറന്നുപോകാൻ സമയമായോ? കുറ്റാരോപിതരായതുകൊണ്ട് ആരും കുറ്റവാളികൾ ആകുന്നില്ലെന്നും നീതിപൂർണ്ണമായ വിചാരണ നടക്കേണ്ടതുണ്ടെന്നും നമ്മുടെ നീതിന്യായ വ്യവസ്ഥ അനുശാസിക്കുന്നുണ്ട്. നീതിവിചാരണ അവകാശമായിരിക്കെ പ്രതിഭാഗത്തിന് വക്കീലിനെ വയ്ക്കാനും വാദം നടത്താനും അവകാശമുണ്ട്. ഇതൊക്കെ കുറ്റകൃത്യമായി വിലയിരുത്തപ്പെടുന്ന സ്ഥിതി അതുകൊണ്ടുതന്നെ എതിർക്കപ്പെടേണ്ടതാണ്.

ഇവിടെ ഏറ്റവും ശ്രദ്ധിക്കേണ്ട വസ്തുത, യു.എ.പി.എ എന്ന കിരാതനിയമം ഉപയോഗിച്ച് കേസെടുത്തതുകൊണ്ടാണ് തുഷാറിന്റെയും ജെയ്സണിന്റെയും കാര്യത്തിൽ പോലീസിനും നീതിന്യായ സംവിധാനത്തിനും അവരുടെ മൗലികാവകാശങ്ങൾ ലംഘിക്കാൻ കഴിഞ്ഞത് എന്നതാണ്. ഭരണകൂടത്തിന് വളരെ ഏകപക്ഷീയമായ രീതിയിൽ അപരിമിതമായ അധികാരം വിമതശബ്ദങ്ങൾക്കെതിരെ ഉപയോഗിക്കാൻ യു.എ.പി.എ നിയമത്തിലൂടെ കഴിയന്നുണ്ടെന്ന കാര്യം പല ലേഖനങ്ങളിലൂടെയും മുമ്പ് ചൂണ്ടിക്കാണിച്ചിട്ടുള്ളയാളുകൂടിയാണ് അഡ്വ. തുഷാർ നിർമ്മൽ സാരഥി. കേസിൽ തുടർ അന്വേഷണം നടത്തുന്നതിന് കസ്റ്റഡിയിൽ വയ്ക്കേണ്ടതില്ലെന്ന പ്രോസിക്യൂഷന്റെ അഭിപ്രായം പരിഗണിച്ച് ഹൈക്കോടതി ഡിവിഷൻ ബഞ്ച് ഇവർക്ക് പിന്നീട് ജാമ്യം അനുവദിച്ചെങ്കിലും ഭരണഘടനയെയും ജുഡീഷ്യൽ സംവിധാനങ്ങളെയും നിസ്തേജനമാക്കുന്ന യു.എ.പി.എ എന്ന കരിനിയമത്തിനെതിരെയും മാവോവാദികളെ നേരിടുന്നതിന്റെ പേരിൽ കേരളത്തിൽ നടക്കുന്ന ഭരണകൂട ഭീകരതയ്ക്കെതിരെയും ജനാധിപത്യവാദികൾ ശക്തമായ നിലപാട് സ്വരൂപിക്കേണ്ടുന്നതിന്റെ അടിയന്തര ആവശ്യകതയിലേക്കാണ് ഈ സംഭവം വിരൽചൂണ്ടുന്നത്.

പൗരാവകാശ സംഘടനകളുടെ ഭാഗത്ത് നിന്നും വ്യാപകമായ എതിർപ്പുകൾ ഉയർന്നുവന്നതിന്റെ ഭാഗമായി ഒഴിവാക്കപ്പെട്ട ടാഡ, പോട്ട തുടങ്ങിയ നിയമങ്ങളുടെ തുടർച്ച നിലനിർത്തുന്നതിനായി 1967ലെ അൺലോഫുൾ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ട് (യു.എ.പി.എ) പോട്ട നിയമത്തിന്റെ മിക്ക വ്യവസ്ഥകളും ഉൾപ്പെടുത്തിക്കൊണ്ട് 2008ൽ കേന്ദ്ര സർക്കാർ ഭേദഗതി ചെയ്യുകയായിരുന്നു. അതിരില്ലാത്ത അധികാരം കൈയാളാൻ കഴിയുന്ന ഒരു നിയമില്ലാതെ നിലനിൽക്കാൻ കഴിയാത്തവിധം ആധുനിക ദേശരാഷ്ട്രങ്ങൾ ജനാധിപത്യവിരുദ്ധമായിത്തീരുന്നതിന്റെ വ്യക്തമായ പ്രതിരൂപമാണ് യു.എ.പി.എ നിയമത്തിന്റെ ഉള്ളടക്കം. രാജ്യസുരക്ഷയും അഖണ്ഡതയും മുൻനിർത്തി മൗലികാവകാശങ്ങളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ കഴിയും എന്ന പരമാധികാരത്തെ ഭരണകൂട താത്പര്യങ്ങളുടെ സംരക്ഷണത്തിനും സങ്കുചിതത്വംപൂണ്ട ദേശീയതാബോധത്തിന്റെ ഏകപക്ഷീയ അടിച്ചേൽപ്പിക്കലുകൾക്കും വേണ്ടി ഉപയോഗപ്പെടുത്തുന്ന സർക്കാറുകൾ കരിനിയമങ്ങളെ അതിനുള്ള ഫലപ്രദമായ ഉപാധിയായാണ് എക്കാലവും പരിഗണിക്കുന്നത്. യു.എ.പി.എ അതിന്റെ ഏറ്റവും വികൃതമായ ഒരു മുഖമാണ് വെളിപ്പെടുത്തുന്നത്. ദേശരാഷ്ട്രത്തിന്റെ യുക്തികൾക്കുള്ളിൽ ന്യായീകരിക്കപ്പെടുന്ന ഒരു ഹിംസയായി കരിനിയമപ്രയോഗങ്ങൾ മാറുകയാണ്.

ടാഡയും പോട്ടയും പോലെയുള്ള കരിനിയമങ്ങൾ പിൻവലിക്കുന്നതിനായി പ്രവർത്തിച്ച പ്രമുഖ മനുഷ്യാവകാശ പ്രവർത്തകൻ ജസ്റ്റിസ് രജീന്ദർ സച്ചാർ അടുത്തിടെ തൃശൂരിൽ വച്ച് നടന്ന ജനാധിപത്യ അവകാശ കൺവെൻഷനിൽ സംസാരിക്കവെ സർക്കാരിന്റെ നയങ്ങളെയോ പദ്ധതികളെയോ പ്രവൃത്തികളെയോ എത്ര കടുത്ത ഭാഷയിലായാലും വിമർശിക്കുന്നത് രാജ്യദ്രോഹമല്ല എന്ന് സുപ്രീം കോടതി തന്നെ പലപ്പോഴും നടത്തിയിട്ടുള്ള നിരീക്ഷണങ്ങളെക്കുറിച്ച് പറയുകയുണ്ടായി. അഭിപ്രായ സ്വാതന്ത്ര്യത്തെയും മൗലികാവകാശങ്ങളെയും ഹനിക്കുന്ന രീതിയിൽ ഒരു നിയമവും ഉപയോഗിക്കപ്പെടരുത് എന്ന് പരമോന്നത കോടതികൾ നിരീക്ഷിച്ചിട്ടുള്ള നാട്ടിൽ അത്തരം ഉള്ളടക്കങ്ങളുള്ള കരിനിയമങ്ങൾ നിലനിൽക്കുന്നതുതന്നെ യുക്തിഹീനമായ ദുരവസ്ഥയാണ്. ഏത് വിധ്വംസക പ്രവർത്തനത്തെയും ന്യായമായി കൈകാര്യം ചെയ്യുന്നതിനുതകുന്ന പീനൽ കോഡ് നിലനിൽക്കുമ്പോൾ കരിനിയമങ്ങൾ കൂടിയേതീരൂ എന്ന് ഉറച്ചുപറയുന്നത് കൊളോണിയൽ കാലത്തേക്കാൾ പൗരാവകാശങ്ങൾ വികസിതമായ ജനാധിപത്യ സാഹചര്യത്തിന് അഭികാമ്യമല്ലാത്തതിനാൽ ജനാധിപത്യത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ടുതന്നെ അതിനെതിരെ പോരാടേണ്ടിയിരിക്കുന്നു. അതുകൊണ്ടുതന്നെ സമരം ചെയ്യുന്നതിനുള്ള ജനങ്ങളുടെ അവകാശങ്ങൾ കൂടുതൽ വിപുലപ്പെടുത്തേണ്ട അടിയന്തര സാഹചര്യം ഇവിടെ നിലനിൽക്കുന്നു. അതിന് ആദ്യം വേണ്ടത് ഭരണകൂടത്തെ വിമർശിക്കാൻ സാധിക്കുന്ന ഒരു ജനാധിപത്യ അന്തരീക്ഷം നിർമ്മിച്ചെടുക്കുകയാണ്. അത്തരം ഒരന്തരീക്ഷത്തിന് വിഘാതമായി നിൽക്കുന്ന കരിനിയമങ്ങൾ പിൻവലിക്കപ്പെടേണ്ടത് അതുകൊണ്ടുതന്നെ ജനാധിപത്യവാദികളുടെ കടമയായിത്തീരുന്നു. ഏത് നിയമവും നീതിയുടെ വഴിക്ക് സഞ്ചരിക്കുന്നുണ്ടോ എന്ന് വിലയിരുത്തേണ്ടത് നൈയാമികതയുള്ള പൗരസമൂഹം കൂടിയാണ്. ആരോഗ്യകരമായ നിയമവാഴ്ച അപ്പോഴാണുണ്ടാകുന്നത്. നിയമം നടപ്പിലാക്കലല്ല, നീതി നിർവ്വഹണമാണ് ജനാധിപത്യത്തിന്റെ കാതൽ.

സി.പി.ഐ (മാവോയിസ്റ്റ്) സംഘടന അതിന്റെ പ്രവർത്തനങ്ങൾ കേരളത്തിലും വ്യാ

പിപ്പിക്കുന്നതിനെ തുടർന്ന് മധ്യേന്ത്യയിലേതുപോലെയുള്ള സൈനികവിന്യാസം ഇവിടെയും സർക്കാർ വ്യാപകമാക്കുകയാണ്. ഇന്ത്യ റിസർവ് ബറ്റാലിയന്റെ സഹകരണത്തോടെ തണ്ടർബോൾട്ട് എന്ന കമാൻഡോ സംഘം 2012ൽ കേരളത്തിലും രൂപീകൃതമാവുകയും മാവോയിസ്റ്റ് സാന്നിധ്യമുണ്ടെന്ന് വിലയിരുത്തപ്പെട്ട മേഖലകളിൽ അവർ വിന്യസിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. എല്ലാത്തരത്തിലുള്ള സാമൂഹിക പ്രവർത്തനത്തെയും അസാധ്യമാക്കും വിധമുള്ള ഒരു പോലീസ്‌രാജിലേക്ക് ഈ സേനാവിന്യാസം നീങ്ങുന്നതിനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. നമ്മുടെ വിഭവസമ്പത്ത് മുഴുവൻ കോർപ്പറേറ്റുകൾക്ക് തീറെഴുതികൊടുത്തുകൊണ്ടിരിക്കുന്ന ഭരണകൂടത്തിന് ജനവിരുദ്ധ നയങ്ങൾ നടപ്പിലാക്കുന്നതിനുള്ള സൈനികശക്തിയായി ഇത് മാറാൻ അനുവദിക്കരുത്. അട്ടപ്പാടിയിലെ പുതൂർ പഞ്ചായത്തിൽ

വനമേഖലയിലെ മാവോയിസ്റ്റ് സാന്നിധ്യം നേരിടുന്നതിൽ സമചിത്തതയോടെയുള്ള ഇടപെടലാണ് ഭരണകൂടം നടത്തേണ്ടത്. സൈനീകവത്കരണത്തിനായി ഫണ്ട് നീക്കിവച്ചുകൊണ്ടുള്ള ഈ ഏകതാന സ്വഭാവത്തിലുള്ള ഇടപെടൽ മധ്യേന്ത്യയ്ക്ക് സമാനമായ ആയുധവാഴ്ചയുടെ ദുരിതങ്ങളിലേക്ക് കേരളത്തെയും എത്തിക്കുമെന്നതിൽ സംശയമില്ല.

കുറുംബ എന്ന പ്രാക്തന ഗോത്രവർഗ്ഗ വിഭാഗത്തിന്റെ പരമ്പരാഗത വാസസ്ഥലങ്ങളായ വനാന്തർഭാഗത്തെ ഊരുകളിൽ തണ്ടർബോൾട്ട് സ്ഥിരം ക്യാമ്പ് തുടങ്ങാൻ പോലും തീരുമാനിച്ചിരിക്കുകയാണ്. വനാവകാശ നിയമം (2006) പ്രാക്തന ഗോത്രവർഗ്ഗ വിഭാഗങ്ങൾക്ക് അനുവദിക്കുന്ന പ്രത്യേക അവകാശങ്ങളെ ലംഘിക്കുന്ന ഈ നിയമവിരുദ്ധ നീക്കം തീർച്ചയായും എതിർക്കപ്പെടേണ്ടതാണ്. വനമേഖലയിലെ മാവോയിസ്റ്റ് സാന്നിധ്യം നേരിടുന്നതിൽ സമചിത്തതയോടെയുള്ള ഇടപെടലാണ് ഭരണകൂടം നടത്തേണ്ടത്. സൈനീകവത്കരണത്തിനായി ഫണ്ട് നീക്കിവച്ചുകൊണ്ടുള്ള ഈ ഏകതാന സ്വഭാവത്തിലുള്ള ഇടപെടൽ മധ്യേന്ത്യയ്ക്ക് സമാനമായ ആയുധവാഴ്ചയുടെ ദുരിതങ്ങളിലേക്ക് കേരളത്തെയും എത്തിക്കുമെന്നതിൽ സംശയമില്ല. മാവോയിസ്റ്റ് വേട്ടയ്ക്ക് പണം ഒരു തടസ്സമല്ലെന്ന് ഈ ബജറ്റിലും ധനമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. 2013-14ൽ 1.5 കോടിയും 2014-15 5.67 കോടിയും ഇതിനായി നീക്കിവച്ചിരുന്നു. എന്താണ് ഈ കോടികൾ ഒഴുക്കിയതിന്റെ അനന്തരഫലം? മാവോയിസത്തെ നേരിടാനെന്ന പേരിൽ, ഈ ചുരുങ്ങിയ കാലയളവിൽ നിരപരാധികൾക്ക് നേരെ നിയമവിരുദ്ധ കടന്നുകയറ്റങ്ങൾ മാത്രം നടത്തിയ പോലീസ്‌സേനയും സർക്കാറും ഇതിന് മറുപടി പറയേണ്ടതുണ്ട്. സംഘടിത സൈനിക സന്നാഹങ്ങളാൽ മാത്രം മാവോയിസ്റ്റ് വിധ്വംസക പ്രവർത്തനങ്ങളെ നേരിടുന്ന രീതി (confrontationalist approach) അവസാനിപ്പിച്ച് അവധാനതയോടെയുള്ള യുക്തിസഹമായ നടപടിയാണ് ഇക്കാര്യത്തിൽ ഭരണകൂടം പുലർത്തേണ്ടത്. ഇന്ത്യൻ ഭരണഘടനയിലും ജനാധിപത്യത്തിലും നിയമവാഴ്ചയിലും നീതിയിലും വിശ്വസിക്കുന്ന പൗരസമൂഹം അത് സാധ്യമാക്കുന്നതിനാണ് ഇപ്പോൾ ശ്രമിക്കേണ്ടത്.

നിയമം നീതിയുടെ മാർഗ്ഗത്തിൽ സഞ്ചരിക്കുന്നില്ലെങ്കിൽ അത് ലംഘിക്കുന്നതരത്തിലുള്ള അഹിംസാത്മക സമരങ്ങളിലൂടെ നീതിക്കായി ശ്രമിക്കണമെന്ന് പറയുകയും പ്രവർത്തിക്കുകയും ചെയ്ത സ്വാതന്ത്ര്യസമര പോരാളികളുടെ നാടാണിത്. "ഒരു രാഷ്ട്രത്തിലെ പൗരന്മാർ എന്ന നിലയിൽ ജനങ്ങൾക്ക് അഭിമാനത്തോടെ ജീവിക്കാനും തങ്ങളുടെ മൗലികാവകാശങ്ങൾ അനുഭവിക്കാനും കഴിയുമ്പോൾ മാത്രമേ അവരുടെ മനസ്സിൽ സർക്കാരിനോട് പ്രതിപത്തി തോന്നുകയുള്ളൂ. നിയമങ്ങൾകൊണ്ട് ജനങ്ങളുടെ മനസ്സിൽ പ്രതിപത്തി സൃഷ്ടിക്കാൻ സർക്കാരിനു കഴിയുകയില്ല. രാജ്യദ്രോഹക്കുറ്റത്തിന് ശിക്ഷിക്കപ്പെട്ടതിൽ താൻ അഭിമാനിക്കുന്നു. എന്റെ മേൽ ചുമത്തപ്പെട്ട സകലകുറ്റങ്ങളും ഞാൻ ഏറ്റെടുക്കുന്നു."ചൗരിചൗരാ സംഭവത്തെ തുടർന്ന് 1922ൽ രാജ്യദ്രോഹകുറ്റം അറസ്റ്റുചെയ്യപ്പെട്ട മഹാത്മാ ഗാന്ധി ബ്രിട്ടീഷ് ഭരണവ്യവസ്ഥയോടുള്ള വിയോജിപ്പുകൊണ്ട് വിചാരണപോലും നിഷേധിച്ച് ശിക്ഷ ഏറ്റുവാങ്ങവെ കോടതിയിൽ പറഞ്ഞ വാക്കുകളാണിവ. ബ്രിട്ടീഷ് കൊളോണിയൽ നിയമങ്ങളും സമാനമായ അധീശ ഭരണവ്യവസ്ഥയും തുടരുന്ന സമകാലിക ഇന്ത്യയിലും ധീരവും അഹിംസാത്മകവുമായ ആ സമരരീതി തന്നെയാകില്ലേ കരുത്തുറ്റ ആയുധം? ഭരണകൂടസ്വഭാവത്തിലുള്ള എല്ലാത്തരം അധികാരരൂപങ്ങളെയും ചോദ്യം ചെയ്യാൻ ആ വഴി നമുക്ക് മുന്നിൽ സ്വതന്ത്രമായുണ്ട്. ■